# അശോകം

ഹിന്ദു, ബുദ്ധമതങ്ങളിൽപ്പെട്ടവർ പാവനമായിക്കാണുന്ന, പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള, ഒരു പ്രധാന ഔഷധവൃക്ഷമാണ് അശോകം. ഇടതൂർന്ന ഇലകളും ഭംഗിയുള്ള പുഷ്പങ്ങളുമുള്ള ഇവ ഉദ്യാനങ്ങളിലും പാതയോരങ്ങളിലും നട്ടുപിടിപ്പിക്കുന്നതിന് അനുയോജ്യമാണ്.

അശോകം എന്ന പദത്തിന് ദുഃഖമില്ലായ്മ എന്നാണ് അർത്ഥം. ഈ സസ്യത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ ഔഷധനിർമ്മാണത്തിൽ അശോകത്തിന്റെ തൊലിയ്ക്ക് പകരം ഔഷധ മൂല്യം കുറഞ്ഞ മറ്റു സസ്യങ്ങളും ഉപയോഗിക്കപ്പെടുന്നു.

സീസാൽപീനിയേസിയേ എന്ന സസ്യകുടുംബത്തിൽപ്പെടുന്ന അശോകത്തിന്റെ ശാസ്ത്രനാമം സറാക്കാ അശോകാ എന്നാണ്. സംസ്കൃതത്തിൽ അശോകാഹ് എന്നും ഹിന്ദിയിൽ അശോക എന്നും അറിയപ്പെടുന്നു.

## രൂപവിവരണവും ഇനങ്ങളും

ഇടതൂർന്ന ഇലകളും പുഷ്പങ്ങളുമുള്ള ഒരു നിത്യഹരിത വൃക്ഷമാണ് അശോകം. തളിരിലകൾക്ക് ചുവപ്പുകലർന്ന ചെമ്പുനിറമാണ്. തായ്തടിയും ശാഖകളും ജനുവരിയിൽ പൂവണിയാൻ തുടങ്ങും. പൂക്കാലം മാർച്ചുവരെ നീണ്ടുനിൽക്കും. പുഷ്പങ്ങൾ മനോഹരങ്ങളും കുലയായിട്ടുള്ളതും സുഗന്ധമുള്ളതുമാണ്.

ഓറഞ്ചുകലർന്ന ചുവപ്പു നിറമുള്ള ഇളം പൂവുകൾ പിന്നീട് രക്തവർണമാകുന്നു. മേയിൽ കായ് വിളഞ്ഞു തുടങ്ങും. കറുപ്പുനിറമുള്ള കായകളിൽ 4 മുതൽ 8 വരെ വിത്തുകൾ ഉണ്ട്.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച വ്യത്യസ്ഥ തരങ്ങൾ വിലിയിരുത്തി ഔഷധഗുണമേറിയ ഇനങ്ങൾ കേരള കാർഷിക സർവകലാശാല യിൽ വികസിപ്പിച്ചിട്ടുണ്ട്.

## രാസഘടകം

തൊലിയിലെ പ്രധാന രാസഘടങ്ങൾ കാറ്റേക്കോൾ, സ്റ്റീറോൾ, വാക്സ് മുതലായവയാണ്

പൂവിൽ ബി–സിറ്റോസ്റ്റിറോൾ, ഫ്ളാവനോയിഡ്സ്, ഫ്ളാവോൺ ഗ്ലൈക്കോസൈഡ്, ആന്തോസൈയാനിൻ എന്നിവ അടങ്ങിയിട്ടുണ്ട്

## ഔഷധഗുണങ്ങളും ഉപയോഗങ്ങളും

അശോകത്തൊലിയും പുഷ്പവുമാണ് ഔഷധനിർമ്മാണത്തിനുപയോഗിക്കുന്നത്.

അശോകാരിഷ്ടം, അശോകഘൃതം, അശോകവടി, അശോകാദിവടി തുടങ്ങി നിരവധി ഔഷധങ്ങളിൽ ഇവ ചേരുവയാണ്.

ഗർഭാശയത്തെ ബലപ്പെടുത്തുന്ന ഔഷധമാണിത്. സ്ത്രീകൾക്കുണ്ടാകുന്ന രക്തസ്രാവം, വെള്ളപോക്ക്, അതിആർത്തവം മുതലായ രോഗങ്ങൾക്ക് അശോകത്തൊലി കഷായം വച്ച് കഴിക്കുന്നത് നല്ലതാണ്. കുട്ടികൾക്കുണ്ടാകുന്ന ത്വക്‌രോഗങ്ങൾക്ക് പൂവ് വെളിച്ചെണ്ണ കാച്ചി ഉപയോഗിക്കാം. അശോകത്തൊലിയും ചെമ്പരത്തിവേരും നറുനീണ്ടിക്കിഴങ്ങും മഞ്ഞളും കഷായം വെച്ചുകഴിക്കുന്നത് കുട്ടികളുടെ കരപ്പൻ ഭേദമാകുവാൻ സഹായിക്കുന്നു. വിഷചികിൽസയിലും അണുനാശക ഔഷധമായും വയറുവേദന, അർശ്ശസ്സ്, വ്രണങ്ങൾ എന്നിവയുടെ ചികിത്സയ്ക്കും അശോകം ഉപയോഗിക്കാറുണ്ട്..

## നടീലും വിള പരിചരണവും

### മണ്ണും കാലാവസ്ഥയും

ധാരാളം മഴ ലഭിക്കുന്ന ഉഷ്ണമേഖലാ കാലാവസ്ഥയാണ് അനുയോജ്യം. സമുദ്രനിരപ്പിൽനിന്ന് 750 മീറ്റർ വരെ ഉയരത്തിൽ നിത്യഹരിതവനങ്ങളിൽ അശോകം കാണപ്പെടുന്നു. ഭാരതത്തിലെല്ലായിടത്തും അശോകം വളരുന്നു. പ്രത്യേകിച്ച് ബംഗാളിലും കേരളത്തിലും. നല്ല വളക്കൂറും നനവുമുള്ള മണ്ണും ചെറിയ തണലുമാണ് ഇതിനാവശ്യം. നദികളുടേയും അരുവികളുടെയും തീരത്താണ് കൂടുതലായി കാണപ്പെടുന്നത്. വീട്ടുവളപ്പിൽ മറ്റു മരങ്ങളുടെ കൂടെ നടുവാനും സാധിക്കും.

### പ്രവർദ്ധനം

വിത്തുമുളപ്പിച്ചാണ് തൈകൾ ഉണ്ടാക്കുന്നത്. ഫെബ്രുവരി മുതൽ ഏപ്രിൽ മാസം വരെ അശോകത്തിൽ കായ്കൾ ഉണ്ടാകും. 6-7 വർഷം മുതൽ പ്രായമായ മരങ്ങളുടെ മൂത്ത കായകളിൽനിന്നും വിത്തുകൾ ശേഖരിക്കാം.

താരതമ്യേന വലിയ വിത്തുകളാണ് അശോകത്തിന്റേത്. ഒരു കിലോയിൽ ഏകദേശം 100 വിത്തുകൾ ഉണ്ടായിരിക്കും. മുളയ്ക്കുവാനുള്ള ശേഷി പെട്ടെന്നു നഷ്ടപ്പെടുമെന്നതിനാൽ വിത്തുകൾ ശേഖരിച്ച് വൈകാതെ തന്നെ മുളപ്പിച്ചെടുക്കണം.

വിത്തുകൾ നഴ്സറി തടത്തിലോ പോളിത്തീൻ ബാഗുകളിലോ പാകാം. വിതയ്ക്കുന്നതിന് മുമ്പ് ഒരു ദിവസം വെള്ളത്തിൽ കുതിർത്തുവെച്ചാൽ മുളയ്ക്കുന്നതിന് സഹായകമാകും. ഏതാണ്ട് 20 ദിവസം കൊണ്ട് കായ്കൾ മുളച്ചുതുടങ്ങും. തടങ്ങളിൽ പാകുന്നവ മുളച്ച് രണ്ടുമൂന്നാഴ്ച്ചയ്ക്കകം പ്ലാസ്റ്റിക് കൂടുകളിലേയ്ക്ക് മാറ്റാം. ഏകദേശം ഒരു വർഷം പ്രായമായ തൈകൾ നടുന്നതിന് ഉപയോഗിക്കാം.

കൂടാതെ, മഴക്കാലമാവുന്നതോടെ, പൊഴിഞ്ഞുവീണ കായ്കൾ മുളച്ച് മരത്തിന്റെ ചുവട്ടിൽ ധാരാളം തൈകൾ കാണാം. ഇവ പിഴുതെടുത്തും നടുവാൻ ഉപയോഗിക്കാം

മെയ് ജൂൺ മാസങ്ങളിൽ ശിഖരങ്ങളിൽ പതിവെച്ചും പ്രവർദ്ധനം നടത്താം. പച്ചനിറം മാറി അധികം മൂപ്പെത്താത്ത കമ്പുകളാണ് ഇതിനായി തെരഞ്ഞെടുക്കേണ്ടത്. രണ്ടു മൂന്നു മാസത്തിനുള്ളിൽ വേരുപിടിക്കുന്ന കമ്പുകൾ ചെടിയിൽ നിന്നും വേർപെടുത്തി പോളിത്തീൻ ബാഗുകളിൽ നട്ട് പുതിയ മുള വന്ന ശേഷം നടാവുന്നതാണ്.

### നടീൽ

മൂന്നുമീറ്റർ അകലത്തിൽ 60 സെ.മീ. സമചതുരക്കുഴികൾ എടുത്ത് കുഴിയൊന്നിന് 10 കിലോ ചാണകം ചേർത്ത് മേൽമണ്ണും മണലുമിട്ട് തൈകൾ വയ്ക്കാം. ജൂൺ-ജൂലൈ മാസങ്ങളാണ് നടാൻ പറ്റിയ സമയം. ഒരു ഏക്കറിൽ 440 തൈകൾ നടാം. തെങ്ങിൻതോപ്പുകളിൽ ഇടവിളയായി 100-120 തൈകൾ നടാം.

സാവധാനത്തിൽ വളരുന്ന മരമാണ് അശോകം. ആദ്യവർഷങ്ങളിൽ മെയ് ജൂൺ മാസത്തിലും ഒക്ടോബർ നവംബർ മാസത്തിലും ചെടി ഒന്നിന് 2 കിലോഗ്രാം ചാണകം, അര കിലോ എല്ലുപൊടി, അര കിലോ വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ ചേർത്തു കൊടുക്കുന്നത് നല്ലതാണ്. രണ്ടുമൂന്നു വർഷത്തേയ്ക്ക് വേനൽമാസങ്ങളിൽ ചെടികൾക്ക് തണലും ആവശ്യത്തിന് ജലസേചനവും നൽകേണ്ടതാണ്.

## കീടങ്ങളും രോഗപരിചരണവും

അശോകത്തിന്റെ പൂക്കളും കായ്കളും തിന്നു നശിപ്പിക്കുന്ന കീടങ്ങൾ കാണാറുണ്ട്. ഇവയെ നിയന്ത്രിക്കുവാൻ ഇടയ്ക്കിടെ 3% വീര്യമുള്ള വേപ്പിൻ കുരു സത്ത് തളിച്ചുകൊടുക്കാം

തളിരിലകൾക്കും ഇളംതണ്ടുകൾക്കും കേടുവരുത്തുന്ന എഫിഡുകളും തളിരില കാർന്നുതിന്നുന്ന പുഴുക്കളുമാണ് മറ്റു കീടങ്ങൾ. ഇവയെ നിയന്ത്രിക്കുന്നതിന് പുകയിലകഷായം തളിച്ചാൽ മതി.

## വിളവെടുപ്പും സംസ്ക്കരണവും

അശോക വൃക്ഷത്തിന്റെ ആയുസ്സ് ഏതാണ്ട് 50 വർഷമാണ്. പത്താം വർഷം മുതൽ തടിയിൽ നിന്ന് തൊലി ശേഖരിക്കാം. ഏകദേശം രണ്ടടി നീളത്തിൽ ദീർഘചതുരാകൃതിയിലുള്ള കഷണങ്ങളായി പട്ട ഉരിഞ്ഞെടുക്കണം. ഉരിഞ്ഞെടുക്കുന്ന തൊലിയുടെ വീതി മരത്തിന്റെ ചുറ്റളവിന്റെ നാലിലൊന്നിൽ കൂടുവാൻ പാടില്ല. പട്ടയുടെ ഉള്ളിൽ തടിയോടു ചേർന്ന കോശങ്ങൾക്ക് ക്ഷതം വരാത്ത രീതിയിൽ വേണം തൊലി ശേഖരണം.

മുറിപ്പാട് ഏകദേശം രണ്ടു വർഷമാവുന്നതോടെ തൊലി വന്നുമൂടുമ്പോൾ വീണ്ടും ആ ഭാഗത്തെ തൊലി ശേഖരിക്കാം.

അശോകത്തിന്റെ ചെറിയ ശിഖരങ്ങളിൽ നിന്നെടുക്കുന്ന തൊലിയ്ക്ക് തായ്തടിയിലെ തൊലിയുടേതിന് സമാനമായ ഔഷധഗുണമുണ്ട്. അതിനാൽ ശിഖരങ്ങൾ വെട്ടിയെടുത്തു തൊലി ശേഖരിക്കുന്നത് വൃക്ഷത്തെ നശിപ്പിക്കാതെ വിളവെടുക്കുവാൻ സഹായിക്കും.

തൊലി തണലിലുണക്കി വായു കയറാത്ത പാത്രങ്ങളിൽ സൂക്ഷിച്ചുവയ്ക്കാം.

12- 15 വർഷം പ്രായമായ ഒരു മരത്തിൽനിന്നും ഏകദേശം 15 കിലോ ഉണങ്ങിയ തൊലി ലഭിക്കും.

6-7 വർഷം പ്രായമാവുമ്പോൾ ചെടികൾ പുഷ്പിക്കും. വിവിധ ഔഷധ ആവശ്യങ്ങൾക്കായി പൂക്കൾ ആവശ്യാനുസരണം ശേഖരിക്കാം.